അഗ്രി ടൂറിസം പ്രോജക്ടുകൾ

4 [205] *ശ്രീ. സ്റ്റീഫൻ ജോർജ്:*

,, *ജോസഫ് എം. പുതുശ്ശേരി:*

,, *തോമസ് ഉണ്ണിയാടൻ:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലോ സാമ്പത്തിക സഹായത്തിലോ അഗ്രി ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ നിലവിൽ നിയമപരമായോ സാങ്കേതികമോ ആയ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(സി) എങ്കിൽ ആയതു പരിഹരിച്ച് ഈ മേഖലയിലേക്ക് കടന്നുവരുന്ന വ്യക്തികൾക്കോ സംഘങ്ങൾക്കോ മതിയായ പ്രോത്സാഹനം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതിയിൻകീഴിൽ തദ്ദേശീയ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കി ടൂറിസ്റ്റുകൾക്ക് നൽകുന്ന എന്തെങ്കിലും പ്രോജക്ടുകൾ ഏതെങ്കിലും കോ-ഓപ്പറേറ്റീവ് ബാങ്കുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സാമ്പത്തികഭദ്രതയുള്ള സർവ്വീസ് സഹകരണ ബാങ്കുകളുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ അഗ്രി-ടൂറിസം എന്ന വിഷയംകൂടി ഉൾപ്പെടുത്തുകയോ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സംഘങ്ങളുടെ നിയമാവലിയിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയോ ചെയ്ത് നിലവിലുള്ള സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രോജക്ടുകളൊന്നും കോ-ഓപ്പറേറ്റീവ് ബാങ്കുകൾ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly